**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം: T 3208** **25.06.2012ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പകളുടെ പലിശ ഏകീകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി.പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) വിദ്യാഭ്യാസ വായ്പ സുഗമമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്<br>1) വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ബാങ്കുകൾക്ക് വാർഡ് അടിസ്ഥാനത്തിൽ സേവന മേഖല തിരിച്ചു നൽകിയിട്ടുണ്ട്. അപേക്ഷകർക്ക് അവരവരുടെ സേവന മേഖലയിലെ ബാങ്കിൽ വായ്പാ അപേക്ഷാ സമർപ്പിക്കാവുന്നതാണ്.<br><br>2) വിദ്യാഭ്യാസ വായ്പ സംബന്ധിച്ച ഇൻഡ്യൻ ബാങ്കേഴ്സ് അസോസിയേഷൻ (IBA) മാർഗ്ഗനിർദ്ദേശങ്ങൾ ഓരോ ബാങ്കിലും പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>3) വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ ജില്ലാ കലക്ടർ അദ്ധ്യക്ഷനായ അവലോകന സമിതി ഓരോ ജില്ലയിലും പ്രവർത്തിക്കുന്നു. |
| ബി) ബാങ്കിംഗ് അവലോകന സമിതി യോഗത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉയർന്ന് വന്നിട്ടുള്ളത്; | ബി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23/5/2012-ൽ കൂടിയ പ്രത്യേക സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തിൽ പ്രധാനമായും പലിശ ഏകീകരണം, വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് ഇൻഷുറസ് പരിരക്ഷ ഏർപ്പെടുത്തൽ, മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ |

വിദ്യാർത്ഥികളേയും IBA മാർഗ്ഗനിർദ്ദേശ പരിധിയിൽ കൊണ്ടുവരിക, വായ്പയെടുത്ത വിദ്യാർത്ഥിയോ വരുമാനമുള്ള രക്ഷകർത്താവോ മരണപ്പെടുകയാണെങ്കിൽ വായ്പ എഴുതിതള്ളൽ, വായ്പ സംബന്ധിച്ച പൊതുവായ നടപടിക്രമങ്ങൾ സ്വീകരിക്കുക, മത്സ്യത്തൊഴിലാളി മേഖലയിൽ വായ്പ നിഷേധിക്കുന്നതായ പരാതികൾ പരിഹരിക്കുക, കാർഷിക വായ്പയുടെ പലിശ നിരക്ക് വിദ്യാഭ്യാസ വായ്പയ്ക്കും ബാധകമാക്കുക, വിദ്യാഭ്യാസ വായ്പ നൽകുന്ന തിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുക, തുടങ്ങിയ നിർദ്ദേശ ങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉയർന്നുവന്നിട്ടുള്ളത്.

| | |
|---|---|
| സി) വിദ്യാഭ്യാസ വായ്പകളുടെ പലിശ ഏകീകരിക്കുന്ന കാര്യം ആലോചിക്കുമോ? | സി) വായ്പകൾക്കുള്ള പലിശ നിയന്ത്രണം റിസർവ് ബാങ്ക് എടുത്തു കളഞ്ഞതോടെ പലിശ നിരക്ക് നിശ്ചയിക്കുന്നത് ബാങ്കുകളാണ്. ഇതിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനേ അധികാരമുള്ളു. വിദ്യാഭ്യാസ വായ്പകളുടെ പലിശ ഏകീകരിക്കണ മെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ